പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4059</u> <u>20.03.2018 ൽ മറുപടിയ്ക്ക്</u>

## ഒരു മുറം പച്ചക്കറി പദ്ധതി വിലയിരുത്തൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. ജോയി | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |

എ) ''ഓണത്തിന് ഒരു മുറം പച്ചക്കറി'' പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്ത പച്ചക്കറി വിത്തുകൾ ഉപയോഗിച്ച് കൃഷി ചെയ്ത് ലഭ്യമായ വിളവിനെ സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ;

എ) സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയുമായി ബന്ധപ്പെട്ട് വിതരണം ചെയ്ത പച്ചക്കറി വിത്തുകൾ ഉപയോഗിച്ച് 8780.086 ഹെക്ടർ സ്ഥലത്ത് പച്ചക്കറികൃഷി ചെയ്തതിൽ നിന്നും 74979.4 മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാൻ സാധിച്ചു. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | കൃഷിയുടെ വിസ്തീർണ്ണം (ഹെക്ടർ) | ഉല്പാദനം (മെട്രിക് ടൺ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 600 | 3300 |
| 2 | കൊല്ലം | 534 | 8151 |
| 3 | പത്തനംതിട്ട | 560 | 2670 |
| 4 | ആലപ്പുഴ | 600 | 1810 |
| 5 | കോട്ടയം | 348 | 1422 |
| 6 | ഇടുക്കി | 600 | 1200 |
| 7 | എറണാകുളം | 500 | 4800 |
| 8 | തൃശ്ശൂർ | 499.586 | 2875.021 |
| 9 | പാലക്കാട് | 1320 | 30166.18 |
| 10 | മലപ്പുറം | 1227.5 | 2638 |
| 11 | കോഴിക്കോട് | 640 | 6656 |
| 12 | വയനാട് | 571 | 7191.2 |
| 13 | കണ്ണൂർ | 480 | 1900 |
| 14 | കാസർഗോഡ് | 300 | 200 |
|  | **ആകെ** | **8780.086** | **74979.4** |

ബി) ഈ പദ്ധതിയുടെ വിജയപരാജയങ്ങൾ സംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തൽ വകുപ്പ് തലത്തിൽ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ?

ബി) ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും വിലയിരുത്തിയിട്ടുണ്ട്. 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതി പ്രോത്സാഹജനകവും വിജയകരവുമായിരുന്നു. കുട്ടികളുടെ ഇടയിൽ പദ്ധതി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കുട്ടികളിൽ കൃഷിയെ സംബന്ധിച്ച അവബോധം വളർത്തുവാൻ പദ്ധതി സഹായകരമായിട്ടുണ്ട്.

എല്ലാ കുട്ടികളിലേയ്ക്കും സാങ്കേതിക ഉപദേശങ്ങൾ ഇനിയും എത്തിക്കേണ്ടതുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ സ്കൂളുകൾക്കും ജൈവ പച്ചക്കറി കൃഷി സംബന്ധിച്ച വിവരങ്ങൾ ലളിതമായ രീതിയിൽ ഉൾപ്പെടുത്തി ഫാം ഇൻഫർമേഷൻ ബ്യൂറോ സി.ഡി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ വിതരണത്തിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.

Mayal

**സെക്ഷൻ ഓഫീസർ**